LIBRARY ARCHIVES Kerala Legislative Assembly

അർക്കന്നൂർ വി.എച്ച്.എസ്.എസ്.-ലെ അധ്യാപക നിയമനം

87 (1123) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊട്ടാരക്കര ഡി.ഇ.ഒ.-യുടെ അധികാര പരിധിയിലെ അർക്കന്നൂർ വി.എച്ച്.എസ്.എസ്.-ൽ എച്ച്.എസ്.എ. ഇംഗ്ലീഷ് തസ്തികയിലെ സ്ഥിരം ഒഴിവിൽ 2-6-2014-ൽ നിയമിതയായ ശ്രീമതി അനുജ എസ്.ജി.-യുടെ നിയമനം അംഗീകരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; നിയമനം അംഗീകരിക്കുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സമുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ശ്രീമതി അനുജ എസ്.ജി.-യെ എച്ച്.എസ്.എ. ഇംഗ്ലീഷായിട്ടല്ല, എച്ച്.എസ്.എ. (എസ്എസ്.) ആയിട്ടാണ് 2-6-2014 മുതൽ എച്ച്.എസ്. അർക്കന്നൂരിൽ മാനേജർ നിയമിച്ചത്. 2014-15-ലെ തസ്തിക നിർണ്ണയം സംബന്ധിച്ച് പുറപ്പെടുവിച്ച 4-7-2014-ലെ സ.ഉ.(പി) 124/14/പൊ.വി., 23-12-2014-ലെ സ.ഉ.(പി) 278/14/പൊ.വി. എന്നീ ഉത്തരവുകൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 15-1-2015-ലെ പൊതു വിധിന്യായത്തിലൂടെ റദ്ദ് ചെയ്തിരിക്കുകയാണ്. അതിനാൽ ശ്രീമതി അനുജ എസ്.ജി.-ക്ക് നിയമനാംഗീകാരം നൽകുന്ന വിഷയം ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല. (ഡബ്ല്യു.പി.(സി) നമ്പർ30107/2013)

പഠനവൈകല്യമുള്ള കുട്ടികൾക്ക് എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്നതിനുള്ള ആനുകൂല്യങ്ങൾ

88 (1124) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഠനവൈകല്യമുള്ള കുട്ടികൾക്ക് എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്നതിന് എന്തെല്ലാം ഇളവുകളും ആനുകൂല്യങ്ങളുമാണ് നിലവിൽ നൽകിവരുന്നത് ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഈ വിഭാഗം വിദ്യാർത്ഥികൾക്ക് എപ്രകാരമുള്ള കേട്ടെഴുത്തുകാരെയാണ് നിലവിൽ നിയോഗിക്കുന്നത് എന്ന് അറിയിക്കാമോ ;

(സി) ഇപ്രകാരമുള്ള വിദ്യാർത്ഥികളെ കണ്ടെത്തുന്നതിനും അവർക്ക് വേണ്ട സഹായങ്ങൾ ചെയ്യുന്നതിനും എസ്.എസ്.എൽ.സി. പരീക്ഷയ്ക്കുമുമ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വിശദീകരിക്കാമോ ;

(ഡി) ഗൾഫ് മേഖലയിൽ ഉൾപ്പെടെ 2013-14 അദ്ധ്യയനവർഷം എത്ര കുട്ടികൾ ഇത്തരത്തിൽ എസ്.എസ്.എൽ.സി. പരീക്ഷ എഴുതി, 2014-15 അദ്ധ്യയനവർഷത്തിൽ ഇത്തരത്തിലുള്ള എത്ര കുട്ടികൾ എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്നു എന്നീ വിവരങ്ങൾ അറിയിക്കാമോ ;

(ഇ) ബുദ്ധിമാന്ദ്യമുള്ളവരെ ചൂഷണം ചെയ്ത് മറ്റുള്ളവർ കൃത്രിമ മാർഗ്ഗത്തിലൂടെ എസ്.എസ്.എൽ.സി. പരീക്ഷ എഴുതുകയും ബുദ്ധിമാന്ദ്യമുള്ളവർക്ക് അത് നിഷേധിക്കപ്പെടുകയും ചെയ്യുന്ന ഒരവസ്ഥ നിലവിലുള്ളതായി കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പഠനവൈകല്യമുള്ള കുട്ടികൾക്ക് അധികസമയം, വ്യാഖ്യാതാവിന്റെ സേവനം, കണക്കു വിഷയം, മലയാളം അല്ലെങ്കിൽ ഇംഗ്ലീഷ് കൂടാതെ ഹിന്ദിയും ഒഴിവാക്കി വൊക്കേഷണൽ വിഷയം എടുക്കുന്നതിനുള്ള അനുവാദം, ഡിസ്ഗ്രാഫിയ വിഭാഗത്തിൽപ്പെടുന്നവർക്ക് സ്ക്രൈബിന്റെ സേവനം എന്നിവ പഠന വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് അപേക്ഷയോടൊപ്പം സൈക്യാട്രിസ്റ്റ്, സൈക്കോളജിസ്റ്റ് എന്നിവർ നൽകുന്ന സർട്ടിഫിക്കറ്റുകളുടെയും അടിസ്ഥാനത്തിൽ നൽകിവരുന്നുണ്ട്.

(ബി) പഠനവൈകല്യങ്ങളിൽ ഡിസ്ഗ്രാഫിയ വിഭാഗത്തിൽപ്പെടുന്നവർക്ക് സ്ക്രൈബിന്റെ സേവനം അനുവദിക്കുന്നുണ്ട്. സ്ക്രൈബായി നിയമിക്കപ്പെടുന്ന ആൾക്ക് പരീക്ഷാർത്ഥിയെക്കാൾ കൂടുതൽ യോഗ്യത ഉണ്ടായിരിക്കാൻ പാടുള്ളതല്ല.

(സി) സ്കൂൾ തലത്തിൽ സ്ക്രീനിംഗ് നടത്തി പഠനവൈകല്യമുണ്ടെന്ന് കണ്ടെത്തുന്ന വിദ്യാർത്ഥികൾക്ക് സൈക്കോളജിസ്റ്റ്, ഗവൺമെന്റ് സൈക്യാട്രിസ്റ്റ് എന്നിവരുടെ പരിശോധനയ്ക്കുശേഷം നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ആനുകൂല്യങ്ങൾ അനുവദിക്കുന്നത്.

(ഡി) 2013-14 അദ്ധ്യയന വർഷം 3517 പഠന വൈകല്യമുള്ള കുട്ടികൾക്ക് ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്. 2014-15 വർഷം 5371 പേർക്കാണ് ഈ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുള്ളത്.

(ഇ) ബുദ്ധിമാന്ദ്യം ഉള്ള കുട്ടികൾക്ക് ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly